കൊലപാതകങ്ങൾ

197. [272] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം (1982) സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നു ;

(ബി) ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര ;

(സി) കൊലപാതകങ്ങളിൽ എത്ര കേസുകളിൽ തെളിവുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റു ചെയ്തു ;

(ഡി) എത്ര കേസുകൾ ചാർജ് ചെയ്തു ;

(ഇ) എത്ര കേസുകളിൽ കോടതി വിധി പറഞ്ഞു ;

(എഫ്) ശിക്ഷിച്ചവ എത്ര ; വെറുതെ വിട്ടവ എത്ര ;

(ജി) കേസുകളിൽ തെളിവുകൾ ലഭിക്കാതെ പ്രതികളെ അറസ്റ്റ് ചെയ്യാത്ത കേസുകൾ എത്ര ; ഏതെല്ലാം കേസുകളിൽ ;

(എച്ച്) തെളിവുകൾ ലഭിച്ചിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാത്ത കേസുകൾ എത്ര ; അവ ഏതെല്ലാം ?

ഉത്തരം

(എ) 24-5-1982 മുതൽ 23-8-1985 വരെ 1603 കൊലപാതകങ്ങൾ നടന്നു. ബാക്കി വിവരം ശേഖരിച്ചുവരുന്നു.

(ബി, സി, ഡി, ഇ, എഫ്, ജി, എച്ച്) വിവരം ശേഖരിച്ചുവരുന്നു.

കൊലപാതകങ്ങൾ

198. [273] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ എത്ര ;

(ബി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(സി) പ്രതികളാരാണെന്ന് തിരിച്ചറിയാത്ത കേസുകളെത്ര ?

ഉത്തരം

(എ) 24-5-1982 മുതൽ 23-8-1985 വരെ 1603 കൊലപാതകങ്ങൾ നടന്നു. ബാക്കി വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

റേഷൻ സാധനങ്ങളുടെ വിലവർദ്ധനവ്

199. [274] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയടുത്ത കാലത്ത് റേഷൻ സാധനങ്ങളുടെ വില സർക്കാർ വർദ്ധിപ്പിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഏതെല്ലാം സാധനങ്ങളുടെ വിലയാണ് വർദ്ധിപ്പിച്ചത് ;

(സി) വർദ്ധിപ്പിച്ച വില എത്രയാണ് ;

(ഡി) ഇപ്രകാരം ഒരു വർദ്ധനവിനുണ്ടായ സാഹചര്യമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വർദ്ധിപ്പിച്ചിരുന്നു.

(ബി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില വർദ്ധിപ്പിച്ചു.

(സി) കോമൺ അരിയുടെ വില കിലോ ഗ്രാമിന് 2 രൂപ 36 പൈസയിൽനിന്നും 2 രൂപ 50 പൈസയായും, ഫൈൻ അരിയുടെ വില 2 രൂപ 48 പൈസയിൽനിന്ന് 2 രൂപാ 62 പൈസയായും, സൂപ്പർ-ഫൈൻ അരിയുടെ വില 2 രൂപ 63 പൈസയിൽനിന്നും 2 രൂപ 77 പൈസയായും, ഗോതമ്പിന്റെ വില 1 രൂപ 90 പൈസയിൽനിന്നും 2 രൂപ 08 പൈസയായും പഞ്ചസാരയുടെ വില കിലോഗ്രാമിന് 4 രൂപ 40 പൈസയിൽനിന്നും 4 രൂപ 80 പൈസയായും മണ്ണെണ്ണയുടെ വില ലിറ്ററിന് 2 രൂപ 20 പൈസയിൽനിന്നും 2 രൂപ 34 പൈസയായും വർദ്ധിപ്പിച്ചു.

(ഡി) അരി, ഗോതമ്പ്, പഞ്ചസാര, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ വില കേന്ദ്രഗവൺമെന്റ് വർദ്ധിപ്പിച്ചതിനെ തുടർന്നാണ് വിലയിൽ വർദ്ധനവുണ്ടായത്.

നിത്യോപയോഗ സാധനങ്ങളുടെ വില

200. [275] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഈയിടെ വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ടെന്നും അവ എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബലാൽസംഗക്കേസുകൾ

201. [276] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ എത്ര ബലാൽസംഗക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അതിലെത്ര ഹരിജൻ സ്ത്രീകൾ ബലാൽസംഗത്തിന് ഇടയായിട്ടുണ്ട് ;

(സി) ഈ കേസുകളിൽ എത്ര എണ്ണത്തിൽ പ്രതികളെ ശിക്ഷിച്ചു ; എത്രയെണ്ണം വെറുതെ വിട്ടു ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly